

4863

# ഇരുപതു പക്ഷികൾ

സി. എസ്. ചിറയ്ക്കൽ

M PUBLIC LIBRARY
NO
CHILDREN'S LIBRARY

# ഇരുപതു പക്ഷികൾ

ബാലസാഹിത്യം

സി. എസ്. ചിറയ്ക്കൽ

MALAYALAM

**Irupathu Pakshikal**

Childrens Book

C. S. Chirakkal

First Impression 1000 Copies

April 1970

Rights Reserved by the Publishers

**Sree Narasimha Vilasom Book Depot,**
**Thuravoor.**

Printed at:

**Sree Venkatesha Printers, Thuravoor**

1-00

# ഇരുപതു് പക്ഷികൾ

ബാലസാഹിത്യം 4025

48631

KOTTAYAM PUBLIC LIBRARY
No
CHILDREN'S LIBRARY

സി. എസ്. ചിറയ്ക്കൽ

---

ശ്രീ നരസിംഹവിലാസം ബുക്കഡിപ്പോ
ആലുവ്വർ :: കേരളം

1.00

- ma10 .

## ചിറയ്ക്കലിൻെറ കൃതികൾ

ഹെറോഡോസിൻെറ കട്ടംകൈ

ശബരീശ ഗീതാഞ്ജലി

അല്പം ചരിത്രവും ഏറ്റെ കഥകളും

നാകവും നരകവും

അണിയറയ്ക്കുള്ളിൽ

മുക്കുററിപ്പൂവ്

കണ്ടെത്താത്ത കാമിനി

വിശ്വരാഗം

ഇരുപത്തു പക്ഷികൾ

ഇരുപതു പക്ഷികൾ.

1. ഇന്ത്യൻ ബുൾബുൾ
2. ഏളപ്പക്ഷി
3 ഓലേഞ്ഞാലി
4. കടൽക്കാക്ക
5. കാക്ക
6. കാരാടൻ കിളി
7. കുയിൽ
8. ചകോരം
9. തേൻകുടിയൻ
10. തുന്നാരൻ
11. നത്തു്
12. പരുന്തു്
13. പ്രാവു്
14. മരംകൊത്തി
15. മഞ്ഞക്കിളി
16. മൈന
17. വണ്ണാത്തിപ്പുള്ളു്
18. വാലാട്ടി
19. വീട്ടുവായൻ
20. സ്വർഗ്ഗത്തിലെ ഈച്ച പിടിയൻ

# 1. ഇന്ത്യൻ ബുൽബുൽ

[ഇരട്ടത്തലച്ചി എന്ന് പേരിലും ഈ പക്ഷി അറിയപ്പെടുന്നുണ്ട്. പേഴ്സ്യൻ ബുൽബുലുകളുമായി ഈ പക്ഷിക്കൊരുബന്ധവുമില്ല]

ബുൽബുൽ പക്ഷികൾ വരവായി
തൊടികളിലെല്ലാമുത്സാഹം...
വാനമ്പാടിയിനങ്ങളിലെ-
ഗാനപ്രിയ! നീ വന്നാലും!

ഭാരതമേദിനി പോററീടും
വാനമ്പാടികൾ ബുൽബുലുകൾ,
പേഴ്സ്യൻ ഭാവന വിരചിക്കും
ചേതനയിവരിൽക്കാണില്ല.

തലകൾ രണ്ടില്ലിതിനെന്നാൽ
തലയിൽ നല്ലൊരു പൂവുണ്ട്,
തലയും പൂവും കൂടുമ്പോൾ
തലരണ്ടാണെന്നോതുന്നു.

ചോപ്പുകലന്നോരുദരങ്ങൾ
ശോഭയെഴും വെൺവാലുകളും,
പൂക്കളുയർത്തും നെററിയുമായ്
ഭൂമിയിലെത്തും ബുൽബുലുകൾ.

ഇണയേ വിട്ടുപിരിഞ്ഞീടാൻ
ഇവരിലൊരാൾക്കും പററില്ല.

ഒരുനാളൊന്നിച്ചെത്തിയവർ
ഒരുനാളും വേർപിരിയില്ലാ.

പാററകൾപൊങ്ങിയുയർന്നെന്നാൽ
പാട്ടിലെടുക്കാനുടനെത്തും,
കായ്കനിപൂവുകളെന്നിവയും
ലാഘവമോടവ തിന്നീടും.

കൂടുതൽ പാട്ടുകൾ കേൾക്കാനായ്
കൂട്ടിലടച്ചുവളത്തുന്നോർ,
ബുൽബുൽ പാട്ടുരസിക്കുമ്പോൾ
ഉലകിൻ ശക്തി മറക്കുന്നു.

കുററിക്കാട്ടിലെ വള്ളികളിൽ
കുത്തിക്കെട്ടിയകൂടുകളിൽ,
ചുററിലുയത്തിയ മാറാല,
മുട്ടകൾ സൂക്ഷിച്ചുയിരേകും...

പുല്ലുകൾ, ചുള്ളിക്കമ്പുകളും
കൂടിനുബലമാണെന്നാലും,
നുള്ളിയെടുക്കാനെത്തുകയായ്
പുള്ളിപ്പൂച്ചകൾ, പാമ്പുകളും.

കൂടുകൾ കൂടുതൽ താഴ്ത്തുമ്പോൾ
അറിയുന്നില്ലേയിക്കെടുതി?
മുട്ടയുമായ് രിപു പോകുമ്പോൾ
കൂടുപണിഞ്ഞവർ ദുഃഖിക്കും...

ബുൽബുൽ ശ്രുതിയാലുലകത്തിൽ
സുന്ദരരംഗമുണർത്തീടാൻ,
ബുൽബുൽപക്ഷിവളന്നീടാൻ
ഉള്ളലിവേകൂ! ബാലകരെ!

## 2. ഏളപ്പക്ഷി

[തെങ്ങോലകളുടെ തുഞ്ചത്തു് കുജപോലെ പണി ചെയ്യിട്ടുള്ള കൂടുകൾ കണ്ടിട്ടില്ലേ? ആ കൂടിന്റെ ഉടമസ്ഥരാണു് ഏളകൾ]

മേടക്കാററു നണഞ്ഞിടാൻ
മേടം വന്നു വിളിക്കുമ്പോൾ
മേനിവരുത്തുമിളംചുണ്ടിൽ
ചേതന നിന്നു തുടച്ചീടും!

തെങ്ങോലകളുടെ തുഞ്ചത്തായു്
തെന്നലിലാടും കൂടുകളിൽ
ശില്പികളേളപ്പക്ഷികൾ തൻ-
കിന്നരഗാനം കേട്ടീടും.

കൂടുകൾപണിയും പൂവന്മാർ
കൂട്ടിനടുക്കും പെൺകിളികൾ
കൂടുകൾ തീർക്കാനിവരെപ്പോൾ
കൂട്ടതലറിവുകളില്ലാക്കും.

കുജകളെപ്പോൽ സൂക്ഷിരങ്ങൾ
കൂടിനുതാഴെക്കണ്ടീടും
അതിലേ കൂട്ടിൽ നുഴഞ്ഞെന്നാൽ
ചതികളിലാഴ്ത്താനൊക്കില്ലാ.

അണ്ണാനെലിയും, കാക്കകളും
ശത്രുപ്പരിഷകളാണല്ലോ,
തക്കംനോക്കീട്ടളകളെ
തഞ്ചത്തിൽ പിടികൂടുംപോൽ...

തടിച്ചുകുറുകിയ ചുണ്ടുകളിൽ
ഉടക്കിവയ്ക്കും കതിർമണികൾ,
പടുത്വമോടെയകത്താക്കാൻ
തിടുക്കമുണ്ടീയേളകളിൽ.

നെഞ്ചും, തലയും, താടികളും
മഞ്ഞളുപൂശിയതാണെന്നാൽ,
വരകൾ കറുത്തു നീളത്തിൽ
വരിവരികാണാം ദേഹത്തിൽ.

നിങ്ങളിലെങ്ങാൻ സ്നേഹത്തിൻ-
മധുരം പകരാനുണ്ടെങ്കിൽ,
നിന്ദിക്കാതെയടുത്തെത്തും
നൃത്തംവയ്ക്കും ചെറുകിളികൾ.

'ചിർചീ, ചിർചീ' ശബ്ദവുമായ്
നിദ്രയിലാണ്ടൊരുലോകത്തെ,
തട്ടിയുണർത്തിവിടുന്നവരെ-
ക്കൂട്ടിനുകിട്ടുകിൽ രസമല്ലേ?

# 3. ഓലേഞ്ഞാലി

[ഓലയുടെ തുമ്പിൽ ഞാന്നുകിടന്നുകൊണ്ടു ഊഞ്ഞാലാടുന്ന ഈ പക്ഷിയെ കാണാത്തവർ വിരളമാണു്]

"വാലിനു നീളംകൂടുതലാണേ-
ലെന്തിനു നിങ്ങൾ നോക്കുന്നു...?"
വാലിൻതുമ്പിലിരുട്ടുംപൂശി-
പ്പായും പക്ഷികൾ പറയുന്നു.

ലോകത്തിൻെറയഹന്തയ്ക്കുള്ളിലൊ-
രോജസ്സിൽ തിരിനാളവുമായ്,
'കോക്കി, കോക്കിക' ശബ്ദമുതിർക്കും
ഓലേഞ്ഞാലികളോമനകൾ.

ചന്തംപകരും കരിമുഖവും,
ചെമ്പിച്ചുള്ളൊരുടലോടും,
'ചഫ്ചഫ്' ശ്രുതിയിൽ ലയമരുളാ-
നത്ഭുതവിദ്യകൾകാട്ടുന്നോൻ.

തിന്മകൾനിറയും ഭൂമിയിലേ-
ക്കിമ്പമണയ്ക്കാനെത്താത്തോൻ,
ഇമ്മരമമ്മര ചില്ലകളിൽ
കിന്നരഗാനമൊഴുക്കുന്നു.

പല്ലികളിൽ പെരുമ്പാമ്പുകളിൽ
കണ്ണുണ്ടിവന്ന ദിനംതോറും,
കണ്ണിൽകാണുകിലവയെച്ചുണ്ടിൽ-
കൗതുകമോടെ കരുക്കീടും...

ഷൾപദമെല്ലാമിവയുടെ ശത്രു-
പ്പരിഷകൾ, പക്ഷികളഞ്ഞുങ്ങൾ,
വമ്പനിവൻെറയടുപ്പും പാർക്കുകി-
ലക്ഷണമോടിയൊളിച്ചീടും.

സ്വാതന്ത്ര്യ പുൽകിപ്പാടിപ്പക്ഷിക-
ളോലയിലൂഞ്ഞാലാടുമ്പോൾ,
ഞാണിൽക്കളിയുടെ രംഗംതീക്കും
മായികലോകത്തെത്തും നാം...

വാലിനൊരല്പം നീളക്കൂടുത-
ലാക്കും നന്മകൾ വിതറില്ലാ...
വാലില്ലാത്തവർ, നമ്മൾക്കിവയുടെ-
വാലുമുറിക്കാ, മിതുൾമാററാം

# 4. കടൽക്കാക്ക

[കടൽതീരത്തു് എപ്പോഴും വെള്ളനിറത്തിലുള്ള ഈ പക്ഷിയെ കാണാം. കടൽക്കാക്ക പറക്കുന്നതു കണ്ടാൽ കടലിലേക്കു, അരനാഴികയിൽക്കൂടുതൽ ദൂരമില്ലെന്നു മനസ്സിലാക്കാം]

"നിന്നെത്തിന്നാൻ ഞാനുണ്ടു്
നിൻെറയിറച്ചിക്കുപ്പുണ്ടു്"
കക്കയെ നോക്കി കടൽക്കാക്ക-
തഞ്ചത്തിൽ തൻ കഥപാടി...

കക്കയുമായി മരക്കൊമ്പിൽ
തത്തിനടന്നു കടൽക്കാക്ക,
കല്ലുകൾ നോക്കിയെറിഞ്ഞീടും
കക്കയുടഞ്ഞുതെറിച്ചീടും.

കക്കത്തോടു തകർന്നപ്പോൾ
കക്കയിറച്ചിയകത്താക്കാൻ,
കൊച്ചുമിടുക്കി കടൽക്കാക്ക-
ക്കൊക്കിക്കൊക്കിയടുക്കുകയായു്...

"നിന്നെത്തിന്നാൻ ഞാനുണ്ടു്
നിൻെറയിറച്ചിക്കുപ്പുണ്ടു്."
കടലിൽകഴിയും കക്കയിലും
ലവണത്തിൻ രുചികണ്ടേക്കാം...

കക്കകൾ, ഞണ്ടും, ചെറുമീനും
ഭക്ഷണമാണിക്കാക്കയ്ക്കു്,
കടൽവെള്ളത്തിൽ നീന്താനീ-
വിരുതന്നു രസമാണെന്നപ്പോഴും.

വെൺമയിലഴകാർന്നുടലോടെ
വെള്ളക്കാക്ക പറക്കുമ്പോൾ,
കടലിൻതീരത്തെത്താനായ്
അരനാഴികയില്ലറിയുന്നു.

മഞ്ഞൊഴുകും ധ്രുവദേശങ്ങൾ,
ഉഷ്ണം കൂടും നാടുകളും,
ഒരുപോലാണീക്കാക്കയ്ക്കു്
പൊരുതാനാളു കളില്ലെങ്കിൽ....

വിരലിന്നടിയിൽ തൊലിയുണ്ടു്
തുഴയാൻ, നീന്താനുതകുന്നു...
ചിറകിന്നുനീളം, ശക്തിയുമു-
ണ്ടങ്ങു പറക്കും ബഹുദൂരം...

ജീവിതമെന്നും വെള്ളത്തിൽ
നീഡമൊരുക്കാൻ കടലോരം,
മുട്ടകളിട്ടാൽ പിന്നവിടെ-
ച്ചുക്കാൻപിടിയുടെ രസമായീ...

പാട്ടപ്പുല്ലും, കൽച്ചെടിയും
വാട്ടമെഴാതെയെടുക്കുന്നു...
കൂട്ടമെനഞ്ഞതിൽ മുട്ടയുമായ്
കാവലിരിക്കും മാതാക്കൾ.

4025

അന്യാശ്രയമൊന്നില്ലാതെ
മന്നിൽ മഞ്ജിമവിതറുന്നോർ,
സ്വന്തം ജോലിയിലഭിമാനം
കണ്ടെത്തുന്ന ദിനംതോറും...

സുഖവും, തൃപ്തിയുമൊരുപോലെ
മുഖകമലത്തിൽ വിളങ്ങുമ്പോൾ,
പുഞ്ചിരിമായ്ക്കാതെന്നും നാം
വെള്ളക്കാക്കയെ വാഴ്ത്തീടും!!

## 5. കാക്ക

[ഐകമത്യത്തിന്റെ സന്ദേശം കാക്കയിൽനിന്നു പഠി ക്കാൻ കഴിയുന്നു. വീടുകളിലെല്ലാം സങ്കോചമില്ലാതെ കടന്നുചെല്ലുന്ന കാക്ക ഉപദ്രവമായിത്തോന്നുമെങ്കിൽ മററു ചില കാര്യങ്ങളിൽ ഉപകാരിയുമാണു്.]

കാകാ, കാകാ, പാട്ടുകൾപാടി-
ക്കാമിതമോതും കാക്കകളെ!
കാണാനെന്തൊരു ചന്തം, നിങ്ങൾ-
ക്കാശാവേദിയിലൊരുമുത്തു്...

ഈസപ്പിൻെറ കഥയുംകുള്ളിൽ ക്രൂ-
ടിവിടെ വെളിച്ചം നൽകുന്നോൻ,
ദിനവും മുററത്തെത്തിപ്പാടി-
ത്തിരയുമൊരൊററക്കണ്ണാലെ...

കണ്ണിൽക്കണ്ടവയെല്ലാം ഭക്ഷി-
ച്ചന്തിയിൽ ഗാനം മൂളുന്നോൻ,
മണ്ണിൽ ചാടിച്ചാടിനടക്കം
മർത്ത്യനെ മത്തുപിടിപ്പിക്കാൻ...

മാലിന്യങ്ങൾ കൊക്കിലൊതുക്കി-
പ്പാഞ്ഞകലുമ്പോൾ ചെറുകള്ളൻ,
കാഷ്ഠം, പാററ, പുഴുക്കളിലെല്ലാം
കണ്ണെറിയാറുണ്ടറിവില്ലെ?

"ക്രുക്രു, ക്രുക്രു" കുയിൽ പാടുമ്പോൾ,
കുസൃതിക്കാക്ക ചിരിച്ചീടും,
മുട്ടവിരിക്കാൻ കാകൻവേണം
കുയിലിനുതള്ളാനൊക്കില്ലാ.

ഒററക്കണ്ണൻ കാക്കക്കിങ്ങനെ
കുററം പറയാനാളുണ്ടെന്നാൽ,
ഐക്യതകാണാനാളില്ലെന്നൊ?
ശൈശവചിന്തതെളിക്കില്ലേ?

അഷ്ടിക്കുള്ളതു കണ്ടാൽവേഗം
ഇഷ്ടരെ മാടിവിളിക്കുന്നോൻ,
നമ്മൾക്കെന്നും മാതൃകയല്ലേ?
നന്മയുതിർത്തുവിളങ്ങീടാൻ....

## 6. കാരാടൻ കിളി

[കരിങ്കിളിയെന്നപേരിലും ഈ പക്ഷി അറിയപ്പെടുന്നുണ്ടു്. ധൈര്യശാലിയായ ഒരു പക്ഷി. ഇതിന്റെ തണലിൽ മററു ചില പക്ഷികൾ ഭയമില്ലാതെ കഴിയുന്നുണ്ടു്. ശത്രുക്കളെ വിരട്ടിയോടിക്കാൻ കഴിവുള്ളവനാണു് കാരാടൻ]

"താഴെയിറങ്ങാൻ പററില്ല
താഴ്ന്നവനല്ലീക്കാരാടൻ,
കാണണമെങ്കിൽ വന്നോളൂ!
ഞാനീക്കമ്പിയിലുണ്ടാവും.''

കമ്പുകളിൽ, ചിലകമ്പികളിൽ
തക്കംനോക്കിയിരിക്കുന്നോർ,
തങ്ങടെ ശക്തിയിൽ വിശ്വാസം-
കണ്ടെത്താറുണ്ടീക്കിളികൾ.

പാററ പറന്നാൽ പാഞ്ഞെത്തും
കൊത്തിക്കൊക്കിനകത്താക്കും,
മേഞ്ഞുനടക്കും കാലികളെ-..
വാഹനമായിട്ടിവർ മാററും.

കലഹപ്രിയനാണീപ്പക്ഷി
കാകനുഭയമാണെന്നാലും,

അവനെപ്പായിച്ചോടിക്കാൻ
കാരാടനു കരുത്തുണ്ട്.

ചോപ്പുനിറത്തിൽ കണ്ണുകളും
നീണ്ടുവിതിർത്തിയ വാലുകളും
കാർനിറമാർന്നൊരുദേഹത്തിൽ-
കാണാം കിളിയുടെ സൗന്ദര്യം.

സാധുക്കൾക്കൊരു രക്ഷകനായ്
സാധാരണനായ്ക്കഴിയുന്നോൻ,
വേന്ദ്രന്മാരെയകററീടാൻ-
വേലകൾകാട്ടിവിരട്ടീടും...

പ്രാവും, മഞ്ഞപ്പക്ഷികളും
ഭീതിയൊഴിഞ്ഞുവസിച്ചീടാൻ,
കാരാടൻ കിളി വാണീടും
മാമരമേറാറുണ്ടല്ലോ.

മററുള്ളവരുടെ ശബ്ദത്തിൽ
തെല്ലും കോട്ടമണയ്ക്കാതെ,
അനുകരണത്താൽ കളിയാക്കാൻ
കാരാട്ടന്നൊരുകഴിവുണ്ട്.

"ഞ്യാവു, ഞ്യാവു" കരയുന്നോൻ
ചൂളമിടും ചില വേളകളിൽ,
കോപംവന്നാൽ പരുഷത്തിൽ-
ക്രൂകാനിവനുമിടുക്കേറും.

അല്പമുയർന്നമരങ്ങളിലായ്
കൂടുണ്ടാക്കിരസിച്ചീടാൻ,
പുൽത്തണ്ടുകളും, ഇല്ലികളും
തപ്പിയെടുക്കും മടിയാതെ...

കൂടിന്നുറപ്പുവരുത്താനായ്
മാറാലകളാൽ പൊതിയുന്നു,
രോമം കൂട്ടിൽവിരിച്ചീടും,
മോഹം പൂക്കളണിഞ്ഞീടാൻ.

സാധുപ്പക്ഷികൾ പൂജിക്കും
കാരാടൻകിളി വന്നെന്നാൽ,
സ്വാഗതമോതീട്ടെതിരേല്ക്കാൻ
താമസമരുതെ! ബാലകരെ!!

## 7. കുയിൽ

[കുയിൽനാദത്തിൽ സന്തോഷം കണ്ടെത്തുന്നവരാണു് മനുഷ്യർ. മുട്ടയിടുന്നതു കാക്കയുടെ കൂട്ടിൽ. മുട്ട വിരിഞ്ഞു കുഞ്ഞു പറക്കാൻ കാലമായാൽ പറന്നകലും. പിന്നെ കാക്കയെ കണ്ടഭാവം നടിക്കില്ല.]

"കൂ കൂ" പാടിയടുക്കും
കൂട്ടരെന്നിങ്ങൾക്കറിവില്ലേ?
കൂകിവിളിക്കാനെത്തുമ്പോഴ-
ക്കാക്കക്കുയിലിനെയോക്കില്ലേ?

കുട്ടികളെന്നും കളിയാക്കി
കൊഞ്ഞനകുത്തിക്കൂക്കുമ്പോൾ
ഏററുപിടിക്കാൻ മടിയില്ല-
ക്കേഴ്‌വിയിലാരും ശ്രദ്ധിക്കും.

കാക്കക്കുയിലിൻ നാദത്തിൽ
ലോകം നിർവൃതികൊള്ളുന്നു,
മോഹമുദിപ്പിച്ചെത്തുമ്പോൾ,
ശോകം പമ്പകടക്കുന്നു.

പൂവനശോഭകുറഞ്ഞാലും
കാർനിറമാർന്നവനെന്നാലും,
പുള്ളിക്കുയിലിൻ സംഗീതം
വള്ളിക്കുടിലിൽ കേട്ടീടും.

ഒന്നിനൊരാപത്തുണ്ടായാൽ
തന്നിണയെത്തും കണ്ണീരാൽ,
നോക്കിയിരിക്കും ശിക്കാറി
തോക്കിൻകാഞ്ചി വലിച്ചീട്ടും.

താഴെ, നിലത്തിലിറങ്ങാത്തോർ
കാഴ്ചനിതിന്നു രസിക്കുമ്പോൾ,
ആസ്വാദകരുടെ നേത്രങ്ങൾ
പാഞ്ഞുനടപ്പതു കണ്ടീടാം...

കാലം കരവിരുതേകുമ്പോൾ
കൂടുചമയ്ക്കാൻ പററില്ലാ
മുട്ടകളിട്ടുവിരിക്കാനായ്
കാക്കക്കൂടുകൾ കയ്യേറും.

കാക്കകൾ കാത്ത,തുസൂക്ഷിക്കും
കാക്കക്കുഞ്ഞിനെ വിരിയിക്കാൻ...?
ജാള്യതയറിയാതാജീവി
മാതാവായി ഞെളിഞ്ഞീടും.

കുഞ്ഞിക്കുയിലു പറക്കാനായ്
കുഞ്ഞിച്ചിറകു വിതിർത്തെന്നാൽ,
കാക്കകൾ 'കാകാ' ഗാനവുമായ്
കാവലിരിക്കും രക്ഷിക്കാൻ...

പാവം കാക്കകളറിയാതെ
കുയിലുകളോടിപ്പോയീടും,
തള്ളക്കുയിലിൻ മൃദുഗീതം
വള്ളിക്കുടിലിലുയർന്നീടും...

കാക്കക്കൂട്ടിൽ വളൎന്നകുയിൽ
കാകനെ രിപുവായ് കാണുന്നു.
ജീവിതമെല്ലാമത്ഭുതമാ-
ണീലോകത്തിൻ വിരിമാറിൽ.

അന്തകരണത്തിൽ ഭ്രമമുള്ളോ-
രവനിയിലുണ്ടെന്നോൎക്കേണം...
കുയിലിൻപുറകെ പോകാതെ...
കുഞ്ഞിന്റമ്മയെയോൎത്തോളൂ!

## 8. ചകോരം

[ഉപ്പൻ എന്നാണു് ഉൾനാട്ടുകളിൽ ഈ പക്ഷിയെ വിളിക്കുന്നതു്. ഇതിന്റെ ശബ്ദം ശുഭസൂചകമാണെന്നു പഴയ ആളുകൾ പറയാറുണ്ടു്.]

"വിശാലമാമീലോകത്തിൽ
വിനാശകാരികളുണ്ടല്ലോ!"
എറിയുന്നോരെ നോക്കീട്ടാ-
ചകോരമോടിമറഞ്ഞീടും!

ചെമ്പൻ ചിറകും കാണിച്ചു-
ച്ചെമ്പൻപക്ഷി നടക്കുമ്പോൾ,
ചെന്തീവണ്ണം കണ്ണുകളിൽ
ചന്തം പകരാറുണ്ടല്ലോ.

ഇല്ലിക്കാടിന്നരികിൽ ക്രു-
ടുല്ലാസത്തൊടു പോകുമ്പോൾ,
മുന്നിൽ ചെറുപാമ്പെത്തുകിലു-
ച്ചുണ്ടിൽക്കൊത്തിയകത്താക്കും.

മുട്ടകൾതിന്നാനുത്സാഹം
ഉപ്പനുകൂടുതലാണെന്നാൽ,
വണ്ടുകൾ, പല്ലി, പുഴുക്കൂട്ടം
കണ്ടാലവനു കുശാലല്ലേ?

കൃമികീടങ്ങൾ നശിച്ചെന്നാൽ
നരനും നല്ലതുതന്നല്ലേ?
ഓർക്കാറില്ലീയുപകാരം
പോക്കുളമെന്നോ നരലോകം?

48631
4025
...YAM PUBLIC LIBRARY
No.
CHILDREN'S LIBRARY

‘ഉപ്പൂപ്പൂപ്പ്’ നാദവുമായ്
ഉപ്പൻ വെളിയിലിറങ്ങീടിൽ
ശകുനംനോക്കിപ്പോകുന്നോർ
പറയാറ‘ണ്ടതുനന്നായി.’

കാറുകൾ മാനത്തെത്തുമ്പോൾ
നാടകമാടും പൂവന്മാർ,
കൂട്ടിനൊരാളെത്തേടീടും
കൂടുകൾതീർക്കും വേഗതയിൽ.

പേടപ്പക്ഷികൾ മുട്ടയിട്ടും
കാവലിരിക്കും പലനാളിൽ,
പക്ഷിക്കുഞ്ഞുവെളിക്കായാൽ
അക്ഷികൾ കൂട്ടിയടയ്ക്കില്ലും.

പക്ഷിക്കുഞ്ഞുവളർന്നെന്നാൽ
അച്ഛൻ പാഞ്ഞുപറന്നെത്തും...
കൊത്തിയകറ്റും വേഗത്തിൽ,
തള്ളകരഞ്ഞു തപിച്ചീടും.

ജീവൻ ജീവനിലർപ്പിക്കും
ജീവിതമീവിധമെന്നാലും,
നീതിനടത്താൻ കെല്പുള്ളാ-
രീവക ചെയ്യാൻ തുനിയില്ല.

പരോപകാരസ്മരണയ്ക്കായ്
ചകോരശബ്ദം ഉയരുമ്പോൾ,
തടുത്തുനിർത്താൻ മുതിരല്ലേ
തടസ്സമില്ലാതുയരട്ടെ!!

## 9. തേൻകുടിയൻ

[പൂക്കളിലെ തേൻ കുടിച്ചു ജീവിക്കുന്ന ഒരു പക്ഷി. ആർക്കും ഉപദ്രവമില്ലാത്തവൻ. പക്ഷെ, അവനെ ഉപദ്രവിക്കാനും ഇവിടെ ആളുകളുണ്ട്.]

തേനുണ്ണാനീക്കുററിക്കാട്ടിൽ
തേടിനടപ്പവനാരെന്നോ?
"തേൻകുടിയൻകിളി"യല്ലാതാർക്കും
ദേഹം ചെറുതല്ലോർക്കില്ലെ?

ചാടിച്ചാടി നടന്നപ്പൂങ്കിളി
വാടിയിൽ മധുരം പകരുമ്പോൾ,
താരും തളിരുമവർക്കൊരുതാവള-
മാരും കാണില്ലതുമാത്രം.

നീണ്ട കുഴൽപോലുള്ളൊരുനാവാൽ
പൂക്കളിൽ നിറയും തേൻതുള്ളി,
നൊട്ടിനുണഞ്ഞു കുടിക്കാനവരുടെ-
കൊക്കിനുനീളവുമുണ്ടല്ലോ.

പുഷ്പമൊരല്പം വലുതാണെങ്കിൽ
പുത്തൻ, വിദ്യ പകർത്തീടും,
പുഷ്പത്തിൻെറയടിക്കൊരുദ്വാരം
സൃഷ്ടിച്ചക്കിളി തേനുണ്ണും.

നീഡമൊരുക്കാൻ പുല്ലി,ല, കടലാസ്
മാറാലയുമായ് പെൺകിളികൾ,

കാട്ടുകളിൽ വൈര ശാഖകളേറി-
ക്കായ്കനേടാൻ തുനിയുന്നു.
ശാഖയിൽനിന്നതു ഞൊന്നുകിടപ്പതു
കാണെക്കാണെയൊരുത്സാഹം
കൂടിനകത്തുകടക്കാറമെങ്കിൽ-
ദോരം മുകളിൽ കണ്ടെത്താം.
പാമ്പുക,ളണ്ണാൻ, കാക്കകളെന്നിവ-
നോമ്പാണിവയെപ്പിടികൂടാൻ,
ലക്ഷ്യംപാർത്തുപിടിച്ചവർകൊല്ലും
കത്തും വയറിന്നു കുളിരേകാൻ....
ഒരു ചതിപോലുംചെയ്യാത്തോർക്കും
വൈരികളുണ്ടീലോകത്തിൽ,
പ്രകൃതിരചിച്ചൊരുമാത്സര്യത്തി-
ന്നെരിതീയതിനെ ദഹിപ്പിപ്പൂ.
വഞ്ചനയറിയാതെത്തും കിളിയുടെ-
പിൻപിൽ വഞ്ചതിയുയരുമ്പോഴും
തട്ടിയകററണ,മഷ്ടിക്കുള്ളവ-
മന്നിൽ വേറെയുണ്ടല്ലൊ!

# 10. തുന്നാരൻ

[പച്ചിലകൾക്കിടയിൽ കൊച്ചുകൂടുകളുണ്ടാക്കിക്കഴിയുന്ന തുന്നാരൻ വളരെ ചെറിയ കിളിയാണ്. സൂക്ഷിച്ചെങ്കിൽ മാത്രമേ അതിനെ കാണാൻ കഴിയുകയുള്ളു.]

"കൂടുകൾ തുന്നാൻ ഞാൻ പോകും
കൂട്ടിനിരിയ്ക്കാൻ നീ വരുമോ?"
ട്ടുവീ...ട്ടുവീ...ശബ്ദവുമായ്
കൂടുചമയ്ക്കും തുന്നാരൻ...

കാഴ്ചയിലല്പം ചെറുതാണ്,
സൂക്ഷിച്ചാലെ കണ്ടെത്തൂ!
ദേഹം തവിടിൻ നിറമത്രെ,
കാടിന്നിടയിൽ കഴിയുന്നു...

ആഹാരത്തിന്നലയുമ്പോൾ
ഭീരുത ലേശം കാണില്ല...
ശാലീനതയുടെ തേരാളി–
ക്കാരുണ്ടിവിടെപ്പൊരുക്കൾ...?

പൂന്തേൻ, പുഴുവും, മുട്ടകളും,
തുന്നാരന്നുടെയാഹാരം,
കണ്ണുകളിരയിലുടക്കീടിൽ
പിന്നെക്കാര്യം മംഗളമായ്.

ഇലകൾ തുന്നിക്കൂട്ടുമ്പോൾ
ഇമവെട്ടാതപ്പൂവാലൻ,

ഇണയുടെ നാണം മാററാനാ-
യിളകിത്തുള്ളും സാമോദം...

വാലുകൾ നീണ്ടൊരു പൂവാലൻ,
പാളിത്തെന്നീട്ടെത്തുമ്പോൾ,
പേടികണ്ണികൾ ലാലസരായ്
പോട്ടകയായക്കണ്ണുകളിൽ.

ലേശമപായം കണ്ടെന്നാൽ
കൂട്ടുവെടിഞ്ഞവർപോയീടും,
ഇലകൾക്കിടയിലെ നീഡങ്ങൾ
ഇവരുടെതാണെന്നോർത്തോളൂ!

തലയിൽ ചോപ്പും, മഞ്ഞയുമായ്
കലരും നല്ല നിറത്തോടെ,
ഇളയുടെ വിസ്തൃതമേഖലയിൽ
ചിറകുവിരുത്തിപ്പാറുന്നോർ,

നമ്മൾ രണ്ടെന്നർത്ഥത്തിൽ
'ട്ടുവി' ശബ്ദവുമായ് വന്നാൽ,
കുശലം പറയാതോടല്ലേ,
കുഞ്ഞിക്കിളിയെ മറക്കല്ലേ...!

# 11. നത്ത്

[രാത്രിയിൽ സഞ്ചരിക്കുന്ന പക്ഷി. സന്ധ്യയായെങ്കിൽ മാത്രമേ ഇവയ്ക്കു് സ്വയരക്ഷാബോധത്തോടെ സഞ്ചരിക്കാൻ പററുകയുള്ളു. ശ്രവണശക്തി ഇതുപോലെയുള്ള മററു പക്ഷികളില്ലെന്നു പറയാം.]

സ്വാതന്ത്ര്യത്തിൻ തേങ്ങലുമായ്
ചാഞ്ചാടീടും നത്തുകളെ!
സായംസന്ധ്യവരുന്നല്ലോ
ന്യായം പ്രകൃതിക്കുണ്ടല്ലോ.

നിങ്ങടെ രാജ്യം വന്നിട്ടും
നിങ്ങൾക്കെന്തിനു വെപ്രാളം?
വിങ്ങലുമാററീട്ടെത്തീടിൽ
ഇംഗിതമെല്ലാം സാധിക്കും.

വട്ടമുഖത്തിൽ മിന്നീടും
വട്ടക്കണ്ണുകൾ കണ്ടെന്നാൽ,
നട്ടുച്ചയ്ക്കുമിരുട്ടുണ്ടെ-
ന്നപ്രിയമില്ലാതോതിപ്പോം..

അടുത്തുവന്നാൽ വിഭ്രാന്തി-
കലന്ന നോട്ടം നൽകുന്നോൻ,
അകന്നുമാറും നേരത്തീ-
ത്തകന്നഭാവം മാററില്ലേ?

കേഴ് വിശ്ശക്തിയിൽ നത്തിൻെറ-
ഒപ്പമിരിക്കാനാരുണ്ട്?
ശബ്ദംക്രടാതിവയെപ്പോൽ-
തത്തുംപക്ഷികൾ വേറില്ലാ.

വെട്ടം നത്തിനുവേണ്ടല്ലൊ
കണ്ണിൽ വൈദ്യുതിയുണ്ടല്ലൊ.
തക്കംനോക്കിപ്പല്ലികളെ-
കൊക്കിലൊതുക്കും സാകൃതം.

കാക്കകൾ ഞോടാനെത്തുമ്പോൾ
ചാർച്ചക്കളെല്ലാമോടിപ്പോം.
പാത്തലമെന്തിനു? ചൊല്ലും നീ-
"വെള്ളിവെളിച്ചം പോയെങ്കിൽ..."

സായംകാലമടുത്തെന്നാൽ
ആമയമെല്ലാം മാററുന്നോൻ,
നിശ്ശബ്ദതയെ ഭഞ്ജിക്കും,
ഇക്ഷിതിനിൻേറതാക്കീടും!

വണ്ടും, പുഴുവും, മണ്ണട്ട-
പണ്ടേനിന്നുടെയാഹാരം
കണ്ണിൽപെട്ടാൽ വിടുകില്ലാ
ഉണ്ടതലയൻ പാഞ്ഞെത്തും.

മാവിൻകൊമ്പിൽ, വേലിയിലും
കാണാം നത്തിനെയെന്നാലും,
ആക്കുമൊരാപത്തേകാതെ-
പാക്കും നത്തുചിലച്ചോട്ടെ!!

# 12. പരുന്തു്

[പക്ഷികളുടെ രാജാവു്. പക്ഷെ, ചെറുപക്ഷികളെയും, കോഴിക്കുഞ്ഞുങ്ങളെയും കൊത്തിക്കീറിത്തിന്നുന്നതിനു മടിയില്ലാത്തോൻ. നന്മയും തിന്മയും പരുന്തിൻെറ ജീവിതത്തിൽ കണ്ടെത്താൻ കഴിയുന്നു.]

"കീറിമുറിക്കാൻ ചുണ്ടുണ്ടു്,
പാറിപ്പായാൻ ചിറകുണ്ടു്
റാഞ്ചിക്കൊക്കാൻ നഖമുണ്ടു്
ഞാനാരാണെന്നറിയാമോ?

തള്ളക്കോഴി ചിലയ്ക്കുമ്പോഴും
ചുററിപ്പരതിപ്പായുമ്പോഴും
കണ്ണുകൾ മേലോട്ടോടിച്ചാൽ
കണ്ടെത്താമെൻ കായബലം."

ആകാശത്തിലെ രാജാവായ്
ആനന്ദത്തോടൊഴുകുന്നോൻ,
താഴെനടക്കും ചിത്രങ്ങൾ
ആമയമെന്യെ കണ്ടീടും.

ഉഗ്രൻ തരുവിന്നഗ്രത്തിൽ
'ചീൽ ചീൽ' ശബ്ദമുതിർക്കുന്നോൻ,

കോഴിക്കുഞ്ഞുപരുന്താണൊ-
ന്നോക്കാനെന്തെ താമസമൊ?

ചെഞ്ചായത്താലുടലെല്ലാം
ചെന്നിറമാക്കിത്തീർത്തപ്പോൾ,
വെള്ളച്ചായം വയറിന്റെ-
രമ്യതകൂട്ടാൻ പൂശീപോൽ...

"ചത്തശവങ്ങൾ, സ്വാദേറും
മത്സ്യം മാംസവുമാഹാരം"
കള്ളൻകാക്ക പരുന്തിന്റെ-
ഉള്ളിൽക്കൊത്തികളിയാക്കും.

പുള്ളിക്കമ്പുകൾ നേടിക്കൊ-
ണ്ടുല്ലാസത്തിൽ മരത്തിന്മേൽ,
കൂടുകൾകെട്ടിപ്പാർക്കാനായ്
ശൂരന്മാരു ശ്രമിച്ചീടും!

കാക്കകളെപ്പോൽ ചേക്കേറാൻ
കാക്ശ്യത്തോടിവനെത്തും,
തമ്മിൽ കലഹം ഭാവിച്ചി-
പ്പക്ഷികളെന്നും ചേക്കേറും.

ഡംഭപരുന്തിനു സ്വന്തംപോ-
ലക്ഷിയിലുയരെച്ചാഞ്ചാട്ടം,
അക്ഷികൾ, പക്ഷം ബഹുദൂരം
ചുററാൻ പററിയ വിധമല്ലെ?

തിന്മപരത്തിൻ കൂട്ടെന്നാൽ
നന്മകൾകൂട്ടതലാണല്ലോ...
നന്മകൾ തിന്മകൾ കൂടിച്ചേർ-
ന്നല്ലെ ഭുവനം നിലനില്പൂ!

തക്കം കിട്ടുകിൽ നരലോകം
കൊത്തിവിഴുങ്ങാൻ നോക്കുന്നോൻ,
ബുദ്ധിയിലുന്നതനാണെന്നാൽ
ഉത്തമനാണെന്നോതാമോ?

## 13. പ്രാവ്

[ഒത്തൊരുമയുള്ള പക്ഷികൾ. വളരെദൂരം സഞ്ചരിക്കാൻ ഇവയ്ക്കു കഴിവുണ്ട്. എത്ര ദൂരം സഞ്ചരിച്ചാലും യാത്ര തിരിച്ച സ്ഥലത്തു തിരിച്ചെത്താൻ പ്രാവിനെപ്പോലെ കഴിവുള്ള പക്ഷികൾ വേറെയില്ല.]

കുറുകുറുശബ്ദം നെറുകയിൽനിന്നും
പുരമുകളിൽ കൂടൊഴുകുമ്പോൾ
അഴകുവിഴുങ്ങിയ പ്രാവുകൾ നമ്മുടെ-
കഴിവിലസൂയപ്പെട്ടുകല്ലേ?

പച്ചയിലല്പം ചോപ്പുനിറം
തത്തും നല്ല കഴുത്തുകളും,
മഞ്ഞിയ വയലറ്റുടലുകളും,
ചെന്നിറമാർന്നൊരുകാലുകളും,
നീളംകൂടിയ ചിറകുകളും
നീണ്ടുനിവന്ന നടപ്പുകളും
കണ്ണിനുകൗതുകമേകില്ലേ?
ഭംഗിനുകർന്നു രസിച്ചീടാൻ...

കൂട്ടംകൂടിവസിച്ചീടാൻ
കൂട്ടരിലൈക്യതയുണ്ടെന്നും,
ഭൂമിയിലുള്ളവരെല്ലാരും
നല്ലവരാണവരോതുന്നു...

ആരുമുപദ്രവമേകില്ലീ-
പ്പാവം പ്രാവുകാം നിർബ്ബാധം,
വീട്ടിലുമമ്പലവാടിയിലും
ചീകിമിനുക്കിനടന്നീടും

നിമിഷംകളയാതതിവേഗം
ചിറകുമടിച്ചിവരുയരുന്നു,
മൈലുകളോട്ടം മുകളിൽച്ചെ-
ന്നതിരസമിങ്ങോട്ടേകുന്നു.

ദൂരംകൂടുതൽ പോയീടാൻ
ന്യൂനം, കഴിവുകളുള്ളതുപോൽ,
പോയ സ്ഥലത്തു തിരിച്ചെത്താ-
നെന്തൊരുനിശ്ചയമാണെന്നോ?

കൂടുകാം തീർത്തുവസിച്ചീടാൻ
കരവിരുതല്ലം കുറവത്രെ!
പുള്ളിക്കമ്പുകളുണ്ടെങ്കിൽ
കൂടുകളായവമാററീടും!

നെന്മണികൊത്തിത്തിന്നമ്പോാം
വെള്ളംകൂടുതലാവശ്യം
നെല്ലും വെള്ളവുമുണ്ടെങ്കിൽ
തെല്ലും പ്രാവിനു ഭയമില്ലാ...

അഴകിൻ പൊന്നലപാകുന്നോ-
രവനിയിലുണ്ടെന്നറിയുമ്പോാം,
പതിയനെയെത്തും ശിക്കാറി
ചതിയിലവരവയെ വീഴ്ത്തീടും.

കരളിൽ കാവ്യമുദിപ്പിക്കും
കനകക്കതിരുകാം മായില്ലാൽ
അരുതെന്നോതാനകതളിരിൽ
കരുണകിളുർക്കാൻ പ്രാർത്ഥിക്കൂ!

# 14. മരംകൊത്തി

[മരങ്ങളിൽ കൊത്തിക്കൊത്തി "പോടുകൾ" നിർമ്മിക്കുന്നതു് മരംകൊത്തികളാണു്. പീർ, പീർ എന്ന ശബ്ദത്തോടെ ഇരയെ കൊത്തിയെടുക്കുന്ന ഇവയെക്കാണാത്തവരില്ലെന്നു പറയാം.]

"കൊത്തിക്കൊത്തിവരഞ്ഞതല്ലോ
കൊത്താനിനിയും സ്ഥലമുണ്ടോ?
മുട്ടൻമരമാണെന്നാലും
മുട്ടുമ്പോഴൊന്നറിയണ്ടേ?"

തക്കംനോക്കിക്കൊത്തുന്നോൻ
പച്ചമരങ്ങൾ തുളയ്ക്കുന്നോൻ
കഷ്ടംവച്ചു മരത്തിന്മേൽ
തത്തുന്നല്ലോ മരംകൊത്തി.

കൊതുകിനൊടൊത്തുമരംകൊത്തി
കുതുകമണയ്ക്കാനൊരുനാളിൽ
കപ്പലിൽ യാത്രതുടർന്നപ്പോൾ,
കപ്പലുടഞ്ഞുനശിച്ചല്ലോ.

കപ്പലുടഞ്ഞൊരുവേദനയാൽ
കൊതുകുകരഞ്ഞുനടക്കുമ്പോൾ,
പോയൊരുഭാഗ്യം നേടാനായ്
തേടുന്നല്ലോ മരംകൊത്തി.

കേടില്ലാത്തമരംവേണം
കപ്പലുതീത്ത മതിയാക്കു!
കരയാൻനേരം കിട്ടില്ലാ
തിരയാൻപോയാലത്തുന്നം.

അന്നു തുടങ്ങി മരങ്ങളിലായ്
കൊത്തിക്കൊത്തി നടക്കുന്നു
നല്ലതുകണ്ടില്ലിന്നുവരെ
നല്ലതുകാണും നോക്കണ്ടെ?

തൊടികളിൽ, മാവിൽ, തെങ്ങുകളിൽ
തുടരെത്തുടരെച്ചുറ്റുന്നോൻ,
കൊത്തിക്കൊത്തിമരത്തിന്മേൽ
പൊട്ടകഠംതീക്കും മടിയാതെ...

കനമേറുന്നൊരുതലമുകളിൽ
തന്നുവിന്നുചേരും പൂവുണ്ട്,
ചന്തമുരുക്കും മുളഗാത്രം
കണ്ടാലത്ഭുതമേറീടും!

"പീർ പീറെ"ന്നൊരു ശബ്ദത്താൽ
നീളൻനാക്കുമരപ്പൊത്തിൽ
താഴ്ത്തിയിറക്കിത്തപ്പുമ്പോഠം
ആത്തിയൊരിത്തിരിക്കുടുന്നു.

പുഴു,കീടങ്ങ,ളെറുമ്പുകളും
ചിതലുമിവയ്ക്കിരയാകുന്നു...
തടികളിൽ നീളെത്തത്തുമ്പോഠം
താഴെയിറങ്ങാനോക്കില്ലാ...

4025

## 15. മഞ്ഞക്കിളി

[ഈ പക്ഷി "ഓറിയൊ, ഓറിയൊ" എന്നാണു് ശബ്ദിക്കുന്നതു്. ഉയരംകൂടിയ മരങ്ങളിൽ കൂടുകെട്ടിപ്പാർക്കുന്ന ഈ പക്ഷികളെ തൊടികളിലും കാണാവുന്നതാണു്.]

മഞ്ഞളുപൂശിയ കുപ്പായവുമാ-
യന്തസ്സോടെയടുക്കുന്നോർ,
മഞ്ഞയുടുത്തിട്ടെത്തീടും ചില-
കള്ളന്മാരെപ്പോലല്ലാ...

ലോകമൊരാലയമായിക്കാണും
മഞ്ഞക്കിളികൾ മനോഹരികൾ,
ലോഹ്യംകാണിച്ചെത്തും പുതുമയി-
"ലോറിയൊ, ഓറിയൊ" പാടുന്നു.

മാവിൻകൊമ്പിൽ, പ്ലാവിൽ, തൊടിയിൽ
മാനസശോഭയുതിക്കുന്നോർ,
കായ്കനിതിന്നും, തേനുണ്ടും, രസ-
പാനംചെയ്തുവിളങ്ങുന്നു.

ആലിൻ കായ്കളശിക്കും പക്ഷിക-
ളാമയഹീനം പാർക്കാനായ്,
ഉയരംകൂടിയ തരുവിൻകൊമ്പുകൾ
തിരയുകയായീ സാമോദം...

നാരു, മരത്തൊലി, ചുള്ളിക്കമ്പുകൾ
നാണിക്കാതെ പെറുക്കീട്ടും,
കാലാകളയാതതിവേഗം, പെറു-
ക്കുട്ടകൾപണിയും "കപ്പുകൾ"പോൽ.

അമ്മരമിമ്മര മോടിച്ചാടി-
ച്ചന്തം പകരും നേരത്തു്,
മധുരംപൊഴിയും കളനാദത്താ-
ലിണകൾ ചിഞ്ചിച്ചാഞ്ചാട്ടം.

സത്യംനിറയും സ്നേഹപ്രതിഭയി-
ലഞ്ചിതമിഴകിക്കളിയാട്ടം,
മഞ്ഞക്കിളിയുടെ മഞ്ജിമപുൽകാ-
നണയുകയില്ലേ തൊടിതോറും.

# 16. മൈന

[കൂട്ടുകെട്ടിത്താമസിക്കാൻ മടിയുള്ള ഒരു പക്ഷി. കാക്കയുടെയും അണ്ണാന്റെയും കൂട്ടുകൾ കയ്യേറാറുണ്ട്. ശത്രുക്കളോട് ഒന്നിച്ചുനിന്നെതിരിടുന്ന ഈ പക്ഷികൾ ഐക്യബോധമുള്ളവയാണ്.]

"കീകീ ചർച്യൂ കൊക്‌കൊക്‌" നാദം
നീളെ നിരത്തിൽ കേൾക്കുമ്പോൾ,
ഓമനമൈനകളൊന്നിച്ചാടി-
പ്പാടുകയാണെന്നറിവില്ലേ?

കാക്കകഴിഞ്ഞാൽ നമ്മോടേറ്റം
ചാർച്ചനടിക്കും മൈനകളെ
കാട്ടിൽ, വീട്ടിൽ, പരിസരമെങ്ങും
കാണാം നമ്മുടെ തോഴൻപോൽ....

കാറൊളിപുല്കിയ തവിട്ടുനിറത്തിൽ
ദേഹമൊതുങ്ങിക്കൂടുമ്പോൾ,
വാലിൻ തുമ്പിൽ, ചിറകിലുമിത്തിരി
വെള്ളപ്പാടുകൾ കണ്ടീടാം.

കണ്ണിനുചുറ്റും മഞ്ഞൾപുരട്ടിയൊ-
രഴകുവിരിക്കാനെത്തുന്നോർ,
നീളം കൂടിയ കാലുകൾ നീട്ടി-
പ്പുളിത്തെന്നിനടക്കുന്നു.

ചിതലും, പുഴുവും, പെറുധാന്യങ്ങളു-
മിനിയും കൊക്കിലമർത്തീടാൻ,
തലമുന്നോട്ടായാട്ടിനടന്നവർ
തടവില്ലാതെ തിരഞ്ഞീടും.

ആറെട്ടെണ്ണം തൊടിയിലിറങ്ങി-
ച്ചാടി,ത്തീററകൾ കൊത്തുമ്പോൾ,
കൂട്ടരെയാകെവിളിക്കും, അവരൊരു-
കൂട്ടുകടുംബംപോലാകും...

പാമ്പു, പരുന്തും, കീരിയുമെല്ലാം
മൈനക്കിളിയുടെ ശത്രുക്കൾ,
അവയെക്കണ്ടാൽ ഭീതിയൊഴിഞ്ഞവർ
സമരംതന്നെ നടത്തീടും!

ഇണയെപ്പിരിയാതിരതേടും കിളി-
യിവയെപ്പോലിവിടില്ലല്ലോ.
തമ്മിൽത്തൂവലുകൊത്തിയുരുമ്മി
ഭംഗിയിൽ നൃത്തം വയ്ക്കുന്നു...

ശത്രുപ്പരിഷകൾ മൂളുംവണ്ണം
ധീരതകാട്ടിക്കഴിയുന്നോർ,
ചേക്കയിരിക്കാൻ കാക്കകൾ പാർക്കും-
ചേക്കക്കരികിലടുത്തീടും!

കൂടുകൾകെട്ടാൻ മടികാണിച്ചിവ-
രണ്ണാൻ കൂടുകൾ കയ്യേറും,

മററാരാനമൃഗപക്ഷിച്ചോടിയ-
ക്കൂട്ടമിവർക്കൊരുതാവളമാം....

പുല്ലുകളും, കീറത്തുണി, കടലാസ്സും
പാമ്പിൻപോളിയും തൂവലുമായ്,
ആകൃതിയില്ലാതുണ്ടാക്കും ചില-
ക്കൂട്ടങ്ങളും, പാർക്കാനതുപോരും...

ചേക്കയിരിക്കാനിടമില്ലെലും
സ്നേഹവു,മൊരുമയുമുണ്ടെന്നാൽ,
ചേക്കകളുള്ളവർ മാടിവിളിക്കും
ക്ലേശംവേണ്ടതിനൊരുനാളും!!

# 17 വണ്ണാത്തിപ്പുള്ള്

[എന്നും വെളുപ്പിനു വേലിക്കെട്ടിലെത്തി ചിലയ്ക്കുന്നതു് ഈ പക്ഷികളാണു്. ഇവയെ ചിലർ കൂട്ടിലടച്ചു വളർത്താറുണ്ടു്. ലോകത്തെ തട്ടിയുണർത്തുന്ന ഈ പക്ഷി മനുഷ്യന്റെ ഒരു കൂട്ടുകാരനല്ലേ?]

"പുലരിപ്പെണ്ണുവരുന്നല്ലോ
ഉണരാനെന്തേ മടിയെന്നോ?
സമയം പാഴിൽക്കളയല്ലേ...
ചമയം നിങ്ങൾ മറക്കല്ലേ..."

ലോകമുറങ്ങും രാവുകളിൽ
ബോധത്തിൻ നവ മന്ത്രവുമായ്
ശാശ്വത സത്യമുരയ്ക്കുന്നോ-
നാരാണിവനെന്നറിയാമോ?

ആതിരനാട്യപ്രാഭവമോ-
ടാടിയടക്കം പ്രകൃതിക്കായ്,
പൂജാമലരുകളോടെത്തും
പുള്ളിനെ നിങ്ങൾക്കറിവില്ലേ?

വേലിക്കെട്ടിൽ വെളുപ്പിനുവ-
ന്നേറിയ ശബ്ദമുതിർക്കുന്നോൻ,
താഴെ, നിലങ്ങളിലെത്തുമ്പോൾ
തോഴരെ മാടിവിളിക്കുന്നു.

വാലും തലയും സമമായി
ചേലിലുയർത്തീനടക്കുന്നോൻ
ചാഞ്ചാട്ടുന്നിണപിടിയാതെ
കാമിതമേകാനുൽസുകനായ്...

ഷട്പദവും, പുഴ, പുൽപ്പൊന്തും
കണ്ണിന്നമൃതമണച്ചെന്നാൽ,
കൊക്കിലൊതുക്കിയകത്താക്കാ-
നെത്തും, പുള്ളുകളറിവുള്ളോർ,

നീഡമൊരുക്കാൻ പുൽക്കൊടിയും
പാമ്പിൻതൊലിയും, ചുള്ളികളും,
തേടിയെടുത്തവനാമോദം
കൂടുചമച്ചുരസിക്കുന്നു...

നിത്യവുമെത്തിയുണർത്തുന്നോർ
മർത്ത്യനബന്ധുവതെന്നാലും,
കൂട്ടിലടച്ചുവളർത്താനാ-
യാഗ്രഹമുണ്ടവനെന്നാലും.

സ്വാർത്ഥതമൂട്ടും കണ്ണുകളാൽ
പാട്ടിലടക്കിക്കഴിയുമ്പോൾ
ജീവിതവീഥിചുരുങ്ങാറ-
ണ്ടാക്കഥയോർമ്മയിലെത്തില്ലാ...

കുഞ്ഞിക്കിളികൾ പറക്കുമ്പോൾ
കല്ലെറിയുന്നോരുണ്ണികളെ!
കുഞ്ഞിക്കണ്ണുകൾ തെളിയിക്കും
പുള്ളിനെ വെറുതെ വിട്ടേക്കൂ!

# 18. വാലാട്ടി

[ഈ പക്ഷിയുടെ ജന്മദേശം തുർക്കിയിലാണെന്നു പറയുന്നു. എല്ലാക്കൊല്ലവും ഒരു പ്രത്യേക കാലയളവിൽ മാത്രമെ ഇവയെ കാണാനൊക്കുകയുള്ളു. നാടോടിപ്പക്ഷിയാണു്. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ഇതു സഞ്ചരിക്കുന്നു.]

മൂടുകുലുക്കിവരുന്നല്ലോ
ഭൂമികുലുക്കാൻ പോന്നവനായ്,
തുർക്കിയിൽനിന്നു പറന്നെത്തും
ശക്തിയിലല്പം സംശയമോ?

വാലുവിറപ്പിച്ചെത്തുന്നോ-
നാരാണാരാണറിയാമോ?
വാലാട്ടിക്കിളിയെന്നത്രെ,
വാലില്ലാത്തവരോതുന്നു...

കാക്കകളെപ്പോലെന്നാലും
കാണാനിവനെപ്പററില്ലാ...
ലോകം ചുററിനടക്കുന്നോ-
നോരോ നാട്ടിലുമെത്തണ്ടേ?

കാലംതെററാതോടിവരും
താള ലയത്തിൽ ചാഞ്ചാട്ടം,

4025

വാടിയിലെത്തിപ്പാടാനായ്
വാലുകുലുക്കിപ്പാഞ്ഞീടും.

കൂട്ടുകൾ സ്ഥിരമായുണ്ടാക്കാ-
നസ്ഥിരചിത്തൻ തുനിയില്ലാ...
ശീതക്കാലമടുത്തെന്നാൽ
രീതികളാകെത്തെന്നിപ്പോം.

അങ്ങുവടക്കൻകുന്നിൽനി-
ന്നന്തംവിട്ടുപറക്കുന്നോൻ,
തെക്കൻ നാട്ടുകൾ ചുററാനാ-
യെത്തും സാഗര തീരത്തിൽ.

തീററനിലങ്ങൾ പ്രാപിക്കാൻ
ദീർഘപ്രാടനമാകുമ്പോൾ,
തോക്കുകളേന്തും ശിക്കാറി
നോക്കിയടുക്കും വേഗത്തിൽ:

ക്ഷീണിതരായിട്ടെത്തുമ്പോൾ
ക്ഷീണംമാററാനിളനീരും,
തീററയുമേകും, നമ്മൾക്കീ-
ശിക്കാറികളെപ്പായിക്കാം...

അന്യനുപദ്രവമേകാതെ
ആഹാരത്തിനു തിരയുമ്പോൾ,
തീയുണ്ടകളാലെതിരേൽക്കും
നീതിതലോടാൻ മൂളല്ലെ...

## 19. വിട്ടവായൻ കിളി

[ചാണോക്കിളിയെന്നും, "സപ്തസഹോദരി"കളെന്നും ഈ കിളികൾ അറിയപ്പെടുന്നുണ്ട്. കൂട്ടംകൂടി നടക്കുന്ന ഈ പക്ഷികൾ താമസിക്കുന്നതും ഒരു കൂട്ടിലാണ്.]

ഞെട്ടിഴപ്പായൊ, വിട്ടവായൻകിളി-
യെങ്ങോട്ടോടിപ്പോകുന്നു...?
കെട്ടിനകത്തും തൊടിയിലുമെല്ലാം
വെക്കംവന്നുനിരന്നോളൂ!

ചാണോക്കിളിയെന്നറിയും നിന്നുടെ
വായാടിത്തമുണ്ടെന്നാൽ,
ഏഴെട്ടെണ്ണമൊരൊററക്കെട്ടാ-
യെത്തും, സപ്തസഹോദരികൾ.

ഇരയെക്കൊത്തിത്തിന്നിട്ടാഹാ-
'ചിചിറി' ശബ്ദം വയ്ക്കുന്നോൻ,
ഇളയുടെ തവിട്ടുനിറത്തിലുലാവും
വിട്ടവായനു ഭയമുണ്ടെന്നോ...?

ചിറകിനു ശക്തികുറഞ്ഞതിനാൽ നിൻ-
പിറവിയിലെന്തോ പിഴകാണും,
തെല്ലിടയൊഴുകി നടക്കുവാനിൽ
മെല്ലെയൊരല്പം കളിരണിയാം.

വേലിക്കരികിലിലക്കൂട്ടത്തിൽ
കുററിക്കാടിന്നടിയിലുമായ്,
ചിള്ളിച്ചീകിച്ചെറുപ്രാണികളെ-
ക്കിള്ളിയെടുക്കും, ചിതലിനെയും.

പേക്കയിലോടിക്കൂട്ടിലണഞ്ഞാൽ
സ്വാഗതമരുളും "ചിതലകളെ!"
കാണാനെന്തൊരു ചന്തം, സൗഹൃദ-
വാടിരചിക്കും മധുരതരം.

എതിരാളികളെത്തടിതപ്പിക്കാ-
നെതിരായ് രണ്ടു മുഖപ്പുകളാൽ,
ഒരു സംഘത്തിനു ചേക്കയിലണയാ-
നൊന്നിച്ചൊരു കൂടുണ്ടാക്കും.

മരശിഖരത്തിലുടക്കും, ജീവിത-
ചലനം സുന്ദരമാക്കീടും!
മനുജനൊരിത്തിരിയുല്ലാസത്തിൻ-
തഴകലുമായ് നീ കളിയാടും.

പൊടിപടലങ്ങളകററും തൂവലു-
മൊടിയാതാടും നിൻവാലും,
മറവിയിലെറിയാനലകിനസാദ്ധ്യം
വരികരികിൽ നീ സാമോദം...

## 20. സ്വർഗ്ഗത്തിലെ ഈച്ചപിടിയൻ

[ചിലപ്പോഴൊക്കെ തൊടികളിൽ ഇവയെക്കാണാം. സ്വർഗ്ഗത്തിൽനിന്നും വരുന്ന പക്ഷികളാണിവയെന്നു വിശ്വസിക്കുന്നു. ഈച്ചകളെ പിടികൂടി നശിപ്പിക്കുന്നതിൽ ഈ പക്ഷി പ്രത്യേക വിരുതു പ്രദർശിപ്പിക്കുന്നു.]

വെള്ളിശലാകപറക്കുംപോലൊരു-
വെള്ളിപ്പക്ഷിവരുന്നല്ലൊ.
സ്വർഗ്ഗത്തീന്നുമിറങ്ങിവരുന്നവ-
നക്കപ്രഭയിൽ പാഞ്ഞോടാൻ;

തെന്നിപ്പാളിനടക്കുന്നവനുടെ-
യത്ഭുതലോകം കണ്ടെത്താൻ,
നെടിയൊരുതൂവല് വാലായ്മാററി-
ക്കെണിവയ്ക്കുന്നോരിപ്പക്ഷി.

പിച്ചകളിക്കും പച്ചില, പവിഴ-
ക്കതിരൊളിതൂകുന്നേരം,
ഒച്ചയെടുക്കാനെത്തും, തൊടിയുടെ-
കൊഞ്ചലിലിഴുകും വേഗം.

പട്ടംകെട്ടിയ നൂലിനുസമമാ-
യിളകീടുന്നൊരു വാലിൽ,

രമ്യർത്തുന്നിച്ചത്തുകാണുകി-
ല്ലുള്ളിലസൂയപെരുക്കും.

വെൺമപുരട്ടിയൊരുടലിൽ, കാലം-
കണ്ണുതൊട്ടതതിനാലെ...
നീലിമയാന്നൊരു തലയും, പൂവും
ആണിനപന്തമുതിക്കും.

തൂവൽ ചുഴററിച്ചുഷ്ടകൾളാടവ-
നിണയെത്തേടിനടന്നാൽ,
പെൺമണിപുഞ്ചിരിസൂറിയടുക്കും
കണ്ണിന്നമൃതമണയ്ക്കും.

പുല്ലില, നാരുകൾ മാറാലയുമായ്
ഭംഗിയിൽ നീഡമൊരുക്കും
ഉയരംകൂടിയ തരുവിൻകൊമ്പിൽ
നൂതച്ചുവട്ടുകൾ വയ്ക്കും...

അന്യരുപദ്രവമേകാതവരു-
ജ്ജീവിതവീഥിതെളിക്കും,
മഞ്ജിമതൂവും സമഭൂമിയിലെ-
ക്കൺമണിയായി വിളങ്ങും...

ദുഷ്ടകൾനിറയും വേദിയിലെല്ലാം
ശുദ്ധമരുത്തുപരത്താൻ,
പാഞ്ഞുനടക്കും, ഈച്ചകളെപ്പിടി-
കൂടിയമർച്ചവരുത്തും...

...AM PUBLIC LIBRARY

'ഈച്ചപ്പിടിയൻ' പേരുപറഞ്ഞവൻ
ആഴിയിലൂളിയിടുമ്പോൾ,
മലിനതപാകും നരവർഗ്ഗത്തിൻ-
മിഴികൾ തുറക്കില്ലെന്നോ...?

KOTTAYAM PUBLIC LIBRARY
JAWAHAR BAL BHAVAN & CHILDREN'S LIBRARY
KOTTAYAM.
4025
Cl. No. Ma10 Acc. No. 48661
This book should be returned on or before the date last stamped below.

| | | |
|---|---|---|
| 10 APR 1971 | | |
| 24 APR 1971 | | |
| 28 AUG 1975 | | |
| 5 APR 1976 | | |
| 6 JUN 1977 | | |
| 30 APR 1983 | | |
| 9 MAY 1983 | | |

4025
~~48.631~~

[illegible] A10

[illegible]

[illegible]

~~48.631~~
4025

# സാഹിത്യസദസ്സിൽ
## ഉൽഘാടനം ചെയ്ത പുസ്തകങ്ങൾ

**നോവൽ പരിഭാഷ—**

| | | |
|---|---|---|
| മായാവി | ആർ. സി. ശർമ്മ | 4-( |

**നോവൽ—**

| | | |
|---|---|---|
| അല്ലാഹു അക്ബർ | മൊയ്തു പടിയത്ത് | 5.5 |
| നിലയും വിലയും | [illegible]കച്ചൻ ചുരുളക്കുഴിയിൽ | 2-5 |

**ചെറുകഥ—**

| | | |
|---|---|---|
| കറുത്ത സന്ധ്യ | കാനം | 2-( |

**നാടകം—**

| | | |
|---|---|---|
| പാൽപായസം | സ്വാമി ബ്രഹ്മവ്രതൻ | 2-5 |
| വിഷസർപ്പങ്ങൾ | പുമ്മാർ ചുണ്ടൽ | 2-5 |

**കവിത—**

| | | |
|---|---|---|
| കസ്തൂരി | നാലാങ്കൽ | 1-2 |
| സതി | എ. കെ. പത്മനാഭൻ | 0 6 |

**ബാലസാഹിത്യം**

| | | |
|---|---|---|
| ഇരുപത്തുപക്ഷികൾ | സി. എസ്. ചിറക്കൽ | 1-( |

**ഉപന്യാസം—**

| | | |
|---|---|---|
| സാഹിത്യസരണികൾ | സാഹിത്യസദസ്സ് | 3.( |

ശ്രീ നരസിംഹവിലാസം ബുക്ക്ഡിപ്പോ
തുറവൂർ — കേരളം